# വർക്കല നഗരസഭ

## വർക്കല പി . ഒ . പിൻ :695141

---

## <u>വർക്കല നഗരസഭ</u>

## <u>പൊതുശ്മശാനം ബൈലോ</u>

### <u>വ്യവസ്ഥകൾ</u>

1. വർക്കല നഗരസഭയിലെ പൊതുജനങ്ങൾക്ക് പൊതുവായി ഉപയോഗിക്കുന്നതിലേക്കായാണ് ഈ ശ്മശാനം ഏർപ്പെടുത്തിയിട്ടുള്ളത് . ഇതിന്റെ ഉടമസ്ഥതയും പരിപാലനവും നിയന്ത്രണവും വർക്കല നഗരസഭയിൽ നിക്ഷിപ്തമായിരിക്കും.
2. ശ്മശാനത്തിന്റെ നടത്തിപ്പ് ചുമതല നഗരസഭാ ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതും ദൈനം ദിന കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനും നഗരസഭാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ചുമതല നൽകുന്നു.ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മൂന്ന് മാസം കൂടുമ്പോൾ ഒരു തവണയെങ്കിലും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ് .
3. ശ്മശാനത്തിന്റെ പ്രവർത്തനം നഗരസഭ നേരിട്ടു നടത്തുന്ന സംഗതിയിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കികൊണ്ടു മൃതദേഹങ്ങൾ സംസ്കരിക്കേണ്ടതാണ് . ഇക്കാര്യങ്ങൾക്കായി നഗരസഭാ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ് .
4. ശ്മശാനം പരിപാലിക്കുന്നതിനും മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനുമുള്ള അവകാശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കുത്തകയായി ഒന്ന് / രണ്ട് / മൂന്ന് വർഷത്തേക്ക് ക്വട്ടേഷൻ ക്ഷണിച്ചു നൽകുന്നതിന് നഗരസഭക്ക് അധികാരമുണ്ടായിരിക്കേണ്ടതാണ്.
5. കരാർ ഏറ്റെടുക്കുന്നയാൾ 200/ - രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ തയാറാക്കി ഒപ്പ് വച്ച് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ് . കരാറുകാരൻ ഈ ബൈലോയിലെ നിബന്ധനകൾക്കും അതിൽ കാലാകാലങ്ങളിൽ നഗരസഭാ വരുത്തുന്ന ഭേദഗതികൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതാണ്
6. കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയോ ചെയുന്ന പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിന് നഗരസഭാ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ് .

7. ശ്മശാനത്തിന്റെ / ക്രിമിറ്റോറിയതിന്റെ അറ്റകുറ്റപണികൾ , പുനരുദ്ധാരണം എന്നിവ സംബന്ധിച്ചു ചെയ്യേണ്ട നിർദേശങ്ങൾ യഥാസമയം നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കി നഗരസഭ സെക്രട്ടറി മുഖേന നഗരസഭ കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതും , അപ്രകാരമുള്ള പ്രവൃത്തികൾ നഗരസഭ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നഗരസഭ നിർവഹിക്കേണ്ടതുമാണ് .
8. ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനായി കൊണ്ടുവരുന്നവർ നിർദ്ദിഷ്ട അപേക്ഷ പൂരിപ്പിച്ചു നഗരസഭയിൽ നൽകേണ്ടതാണ് .
9. ശ്മശാനത്തിൽ ദഹിപ്പിക്കുന്ന മൃതദേഹങ്ങളേയും , മൃതദേഹം കൊണ്ടുവരുന്നയാളെയും മൃതദേഹം സംസ്കരിച്ചത് സംബന്ധിച്ചും ഒരു രജിസ്റ്റർ അനുബന്ധം 3 ൽ നഗരസഭ ഉദ്യോഗസ്ഥൻ / കരാറുകാരൻ എഴുതി സൂക്ഷിക്കേണ്ടതാണ് .
10. സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ മരണമടയുന്നവരുടെ മൃതദേഹം സംസ്കരിക്കുന്നതിന് ആവശ്യപ്പെടുന്ന പക്ഷം മരണപെട്ടയാളിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് / സെക്രട്ടറി / വാർഡ് മെമ്പർ / കൗൺസിലർ എന്നിവരിൽ ഒരാളുടെ സാക്ഷ്യപത്രം സഹിതം അപേക്ഷ നഗരസഭയിൽ സമർപ്പിക്കേണ്ടതാണ് .
11. പൊതു അവധി ദിവസം മൃതദേഹം ദഹിപ്പിക്കുന്നതിന് ആ ദിവസം ഡ്യൂട്ടിക്ക് (ഹോളിഡേ ഡ്യൂട്ടി ) ചുമതലയുള്ള ഉദ്യോഗസ്ഥന് അപേക്ഷ സ്വീകരിക്കാവുന്നതും അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ അനുവാദം നല്കാവുന്നതുമാണ് . ഇപ്രകാരം നൽകപ്പെടുന്ന അനുവാദങ്ങളിൽ അടുത്ത പ്രവൃത്തി ദിവസത്തിൽ സെക്രട്ടറിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ് .
12. മരണപ്പെട്ട ആളെയും / ശ്മശാനത്തിൽ മൃതദേഹം കൊണ്ടുവരുന്ന ആളെയും തിരിച്ചറിയുന്നതിനായി സ്ഥലം എം.പി / എം.എൽ.എ / ജില്ലാ / ബ്ലോക്ക് / ഗ്രാമ / പഞ്ചായത്ത് മെമ്പർ എന്നിവരിൽ ആരെങ്കിലും അനുബന്ധം 4 പ്രകാരം നൽകിയ സാക്ഷ്യപത്രവും താഴെ പറയുന്ന ഏതെങ്കിലും ഒരു രേഖയും അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാകേണ്ടതുമാണ് .

(തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് / ഡ്രൈവിംഗ് ലൈസൻസ് / പാസ്പോർട്ട് / കേന്ദ്ര -സംസ്ഥാന സർക്കാരുകൾ , പൊതുമേഖലാ സ്ഥാപനങ്ങൾ , പൊതുമേഖലാ സഹകരണ ബാങ്കുകൾ എന്നിവ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പാസ്ബുക്ക് / സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ ഫോട്ടോകോപ്പി ഒറിജിനൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്).

13. അപകടം / കൊലപാതകം / അസ്വാഭാവിക മരണം തുടങ്ങിയ കേസുകളിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും NOC കൂടി ഹാജരാക്കിയാലെ മൃതദേഹം സംസ്കരിക്കാൻ പാടുള്ളൂ .
14. ശ്മശാനത്തിന്റെ പ്രവർത്തന സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ആയിരിക്കും . മൃതദേഹം ദഹിപ്പിക്കുന്നത് സംബന്ധിച്ച് വിവരം വൈകുന്നേരം 5 മണിക്ക് മുമ്പായി രേഖാമൂലം നഗരസഭയിൽ അറിയിക്കേണ്ടതാണ് . വൈകുന്നേരം 5 മണിക്ക് ശേഷം മൃതദേഹങ്ങൾ പ്രവേശിക്കുകയോ , സൂക്ഷിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല .
15. പൊതുശ്മശാനത്തിൽ കൊണ്ട് വന്ന് മൃതദേഹം സംസ്കരിക്കുന്നതിന്റെ പരിപൂർണ ഉത്തരവാദിത്വം മൃതദേഹം കൊണ്ട് വരുന്നയാൾക്ക് ആയിരിക്കുന്നതും , ദഹനം അവസാനിക്കുന്നതുവരെ ബന്ധപ്പെട്ടവരുടെ സാന്നിധ്യം ശ്മശാനത്തിൽ ഉണ്ടായിരിക്കേണ്ടതുമാണ് .
16. മൃതദേഹം ദഹിപ്പിക്കുന്നതിന് നഗരസഭാ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് മൃതദേഹങ്ങൾ കൊണ്ടുവരുന്നവർ നൽകേണ്ടതാണ് .ഇപ്രകാരമുള്ള ഫീസ് , ഉദ്യോഗസ്ഥൻ / കരാറുകാരൻ നേരിട്ട് രസീത് നൽകി പിരിച്ചെടുക്കേണ്ടതുമാണ്
17. കരാർ പ്രകാരമാണ് ശ്മശാനം പ്രവർത്തിക്കുന്നതെങ്കിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് മുൻപ് അനുബന്ധം 5 പ്രകാരം ഉള്ള കുറിപ്പ് നഗരസഭയിൽ നിന്നും ലഭിച്ചതായി ഉറപ്പ് വരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന കുറിപ്പുകൾ ക്രമനമ്പരിട്ട് സൂക്ഷിക്കേണ്ടതും മാസത്തിലൊരിക്കൽ പരിശോധനക്ക് നഗരസഭയിൽ ഹാജരാകേണ്ടതുമാണ് .
18. മൃതദേഹത്തെയും മൃതദേഹം കൊണ്ടുവന്നയാളെയും സംബന്ധിച്ച് ആവശ്യമുള്ളതെങ്കിൽ മതിയായ അന്വേഷണങ്ങളും,പരിശോധനകളും നടത്തുന്നതിന് നഗരസഭ സെക്രട്ടറിക്കും അദ്ദേഹം ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും അധികാരാമുണ്ടായിരിക്കേണ്ടതുമാണ്.
19. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ മൃതദേഹം ദഹിപ്പിക്കുവാൻ ഈ വിഭാഗത്തിന് നഗരസഭ നിശ്ചയിക്കുന്ന കുറഞ്ഞ ഫീസ് ഒടുക്കിയാൽ മതിയാകുന്നതാണ് .
20. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് നഗരസഭ നിശ്ചയിക്കുന്ന ഫീസിന് പുറമെ മറ്റ് തുകകളൊന്നും കരാറുകാരൻ/ഉദ്യോഗസ്ഥൻ ഈടാക്കുവാൻ പാടുള്ളതല്ല.
21. ശ്മശാനത്തിൽ വച്ച് ചെയ്യുവാനുള്ള ആചാരപരമായ ചടങ്ങുകൾ നിർവഹിക്കുന്നതിന് മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ശവദാഹത്തിനു മുൻപും പിൻപും ഇപ്രകാരമുള്ള ചടങ്ങുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ മൃതദേഹം കൊണ്ട് വരുന്നവർ ചെയ്യേണ്ടതാണ്.
22. ശ്മശാനവും പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്. ശ്മശാനത്തിന്റെ കോമ്പൗണ്ടിനകത്ത്

പ്ലാസ്റ്റിക്കിന്റെ ഉപയോഗം അനുവദിക്കുന്നതല്ല. ഗ്രീൻ പ്രോട്ടോകോൾ ഡിക്ലയർ ചെയ്ത നഗരസഭയായതിനാൽ നിർബന്ധമായി ഹരിതചട്ടം പാലിക്കപ്പെടേണ്ടതാണ്.

23. ശ്മശാനം നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ബോർഡുകൾ നഗരസഭ തയ്യാറാക്കി ശ്മശാനത്തിലും നഗരസഭാ ആഫീസിലും പ്രദർശിപ്പിക്കേണ്ടതാണ് .
24. അനാഥ മൃതദേഹങ്ങളെ സംബന്ധിച്ച് പോലീസിൽ നിന്നും ക്ലീയറൻസ് ലഭിക്കുന്ന മുറയ്ക്ക് അവ ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നഗരസഭ നേരിട്ട് ചെയ്യേണ്ടതാണ്. അനാഥ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനാവശ്യമായി വന്നേക്കാവുന്ന ചെലവുകൾ നഗരസഭാ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.
25. ശ്മശാനത്തിലേക്ക് പൊതുവഴിയിലൂടെ കൊണ്ട് വരുന്ന മൃതദേഹങ്ങൾ മാന്യമായി മറച്ചിരിക്കേണ്ടതാണ്. മൃതശരീരങ്ങൾ ശ്മശാനത്തിലേക്ക് ചുമന്നുകൊണ്ട് വരുന്നവർ യാതൊരു കാരണവശാലും അവ പൊതുവഴിയിലോ ശ്മശാനത്തിലോ ഉപേക്ഷിച്ച് പോകുവാൻ പാടുള്ളതല്ല. പോസ്റ്റുമോർട്ടം നടത്തിയ മൃതദേഹമോ മൃതദേഹത്തിന്റെ ഭാഗങ്ങളോ ശവപ്പെട്ടിയിൽ അടക്കം ചെയ്യാതെ പൊതുവഴിയിലൂടെ യാതൊരു സ്ഥലത്തേക്കും നീക്കം ചെയ്യുവാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും 6 മണിക്കൂറിൽ കൂടുതൽ മൃതദേഹം ശ്മശാനത്തിൽ സൂക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.

26. ശ്മശാനത്തിന്റെ നടത്തിപ്പും നിയന്ത്രണവും പൂർണമായും നഗരസഭയിലെ ആരോഗ്യ വിഭാഗത്തിനും പരിപാലനം എഞ്ചിനീയറിംഗ് വിഭാഗത്തിനും നിക്ഷിപ്തമായിരിക്കും .

27. ശ്മശാനത്തിൽ ദഹിപ്പിക്കുന്നതിന് കൊണ്ട് വരുന്ന മൃതദേഹങ്ങളെ സംബന്ധിച്ച് ശരിയായ വിവരങ്ങൾ നല്കാതിരിക്കുകയോ വ്യക്തമായ വിവരങ്ങൾ നല്കാതിരിക്കുകയോ വ്യാജമായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നവരിൽ നിന്നും ഖണ്ഡിക 16 ൽ പറയുന്ന പ്രകാരം പിഴ ചുമത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും നഗരസഭയ്ക്ക് അധികാരാമുണ്ടായിരിക്കുന്നതാണ്.
28. അപ്രതീക്ഷിതമായ അപകടങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലമുണ്ടാകുന്ന കൂട്ടമരണങ്ങളിൽ മൃതദേഹങ്ങൾ പൊതുശ്മശാനത്തിൽ ദഹിപ്പിക്കേണ്ട അടിയന്തിര ഘട്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നതിന് നഗരസഭാ ചെയർമാന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
29. ബൈലോയുടെ ലംഘനം നടത്തുന്ന ഏതൊരാളും പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായിരിക്കും. ആദ്യ ലംഘനത്തിന് 500 രൂപ വരെയും ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും 50 രൂപ വരെ പിഴ ഒടുക്കേണ്ടതാണ്.

30. മൃതദേഹം സംസ്കരിക്കുന്നതിന് പൊതു വിഭാഗത്തിന് 4500/- രൂപയും ബി.പി .എൽ വിഭാഗത്തിന് 3500/- രൂപയും ആയിരിക്കും ഫീസ് . ഫീസ് നഗരസഭാ ഓഫീസിലോ ശ്മശാനത്തിലെ ഇ -പോസ് മെഷീൻ മുഖേനയോ ഒടുക്കി രസീത് കൈപ്പറ്റേണ്ടതും ആയത് ശ്മശാനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ് .
31. ചിതാഭസ്മം കലശത്തിൽ ഏറ്റുവാങ്ങുന്നതിന് രസീത് സഹിതം നിഷ്കർഷിക്കുന്ന തീയതിയിലും സമയത്തും ബന്ധപ്പെട്ടവർ ഹാജരാകേണ്ടതാണ് .

## <u>അനുബന്ധം 1</u>

2019 .............................................. മാസം .................. -തീയതി വർക്കല നഗരസഭയ്ക്ക് വേണ്ടി നഗരസഭാ സെക്രട്ടറി ഒന്നാം കക്ഷിയായും ............................................................ താലൂക്കിൽ വില്ലേജിൽ ...............................................................................................ദേശത്ത് /കരയിൽ ............................................................................................................ വീട്ടിൽ ............................................................................................................... മകൻ ................................വയസ്സുള്ള ............................................ എന്നയാൾ രണ്ടാം കക്ഷിയായും ഒപ്പിട്ട കരാർ .

വർക്കല നഗരസഭ പൊതുശ്മശാനം പ്രവർത്തനത്തിനായി ഒന്നാം കക്ഷി ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം രണ്ടാം കക്ഷി ക്വട്ടേഷൻ സമർപ്പിക്കുകയുണ്ടായി. ..................... തീയതിയിൽ കൂടിയ വർക്കല നഗരസഭാ കൗൺസിൽ രണ്ടാം കക്ഷി സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും, വർക്കല നഗരസഭയ്ക്ക് വേണ്ടി രണ്ടാം കക്ഷിയുമായി കരാർ ഒപ്പിടുന്നതിനു ഒന്നാം കക്ഷിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ഒന്നും രണ്ടും കക്ഷികൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു.

### <u>വ്യവസ്ഥകൾ</u>

1. വർക്കല നഗരസഭ പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിച്ച് ഫീസ് പിരിക്കുന്നതിനുള്ള കുത്തക ജോലി ...................... മാസം .................... തീയതി മുതൽ 20........................ മാസം ...................................... തീയതി വരെ മൊത്തം ................................... രൂപ മുൻകൂർ അടച്ച് കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിയെ തിരെഞ്ഞെടുത്തിരിക്കുന്നു.
2. ശ്മശാനത്തിൽ ദഹിപ്പിക്കുന്ന ഓരോ മൃതദേഹത്തിനും ............................................ രൂപ നിരക്കിൽ ഫീസ് മൃതദേഹങ്ങൾ

കൊണ്ടുവന്നവരിൽ നിന്നും ഈടാക്കിയെടുക്കുന്നതിനും ഒന്നാംകക്ഷി രണ്ടാം കക്ഷിയെ അനുവദിച്ചിരിക്കുന്നു.

3. വർക്കല നഗരസഭ (............................................. ശ്മശാനത്തിന്റെ പേര്) പൊതുശ്മശാനത്തിൽ ദഹിപ്പിക്കുന്നതിനായി ഒന്നാം കക്ഷിയുടെ ഉത്തരവ് പ്രകാരം കൊണ്ടുവരുന്ന മൃതദേഹങ്ങളും , മൃതദേഹങ്ങൾ പൊതിഞ്ഞുകൊണ്ടു വരുന്ന വസ്ത്രങ്ങളും സ്വന്തം ഉത്തരവാദിത്വത്തിൽ പൂർണമായും ദഹിപ്പിക്കുന്ന ജോലി തൃപ്തികരമായും ഭംഗിയായും പരാതിക്കിടയാക്കാത്ത വിധം യഥാസമയം നിർവഹിച്ചു കൊള്ളാമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു.
4. ഒന്നാം കക്ഷിയോ ഒന്നാം കക്ഷി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രേഖാമൂലം നല്കുന്ന ഉത്തരവുകൾക്ക് വിധേയമായി മാത്രമേ രണ്ടാം കക്ഷി പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുവാൻ പാടുള്ളൂ .
5. മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിലേക്കായി കൊണ്ടുവരുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസിന് രണ്ടാം കക്ഷി മതിയായ രസീത് നൽകേണ്ടാതാണ് .
6. പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനുവേണ്ട ഇന്ധനം രണ്ടാം കക്ഷി സ്വന്തം ചെലവിൽ ശേഖരിച്ചു ശ്മശാനത്തിൽ സൂക്ഷിക്കേണ്ടതും , മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ആവശ്യമായ ഇന്ധനം ഉപയോഗിച്ച് മൃതദേഹങ്ങളും മൃതദേഹത്തെ പൊതിഞ്ഞു കൊണ്ട് വന്ന വസ്ത്രങ്ങളും പൂർണമായും ദഹിപ്പിച്ചു കളയേണ്ടതാണ് .
7. പൊതുശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് മുൻപ് അനുബന്ധങ്ങൾ പ്രകാരമുള്ള കുറിപ്പ് നഗരസഭയിൽ ലഭിച്ചതായി ഉറപ്പുവരുത്തേണ്ടതും അപ്രകാരം ലഭിക്കുന്ന കുറിപ്പുകൾ ക്രമനമ്പരിട്ട് സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അനുബന്ധം 3 പ്രകാരമുള്ള ഒരു രജിസ്റ്ററിൽ രണ്ടാംകക്ഷി കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും , മാസത്തിലൊരിക്കൽ പരിശോധനക്ക് നഗരസഭാ ആഫീസിൽ ഹാജരാക്കി ഒന്നാം കക്ഷിയെ കൊണ്ടോ ഒന്നാം കക്ഷി ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനെകൊണ്ടോ പരിശോധിപ്പിച്ച് ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതുമാണ് . കരാർ അവസാനിക്കുമ്പോൾ പ്രസ്തുത രജിസ്റ്റർ നഗരസഭയിൽ തിരിച്ചേൽപ്പിക്കേണ്ടതാണ് .
8. ശ്മശാന നടത്തിപ്പിനാവശ്യമായ തൊഴിലാളികളെ രണ്ടാം കക്ഷിക്ക് നിശ്ചയിക്കാവുന്നതാണ് .എന്നാൽ രണ്ടാം കക്ഷി മറ്റൊരാൾക്ക് കരാർ നൽകി ശ്മശാനം നടത്താൻ പാടുള്ളതല്ല .
9. പൊതു ശ്മശാനത്തിൽ മൃതദേഹങ്ങൾ കൊണ്ടുവരുന്നവരുടെ ചെലവിൽ ദഹിപ്പിക്കുന്നതിന് മുൻപും പിൻപും ആചാരപരമായ ചടങ്ങുകൾ നിർവഹിക്കുന്നതിന് താൽപര്യപ്പെടുന്ന പക്ഷം സൗകര്യങ്ങൾ രണ്ടാം കക്ഷി ചെയ്തുകൊടുക്കേണ്ടതാണ് .

10. പൊതു ശ്മശാനവും പരിസരങ്ങളും എല്ലായ്പ്പോഴും ശുചിയായും വൃത്തിയായും സൂക്ഷിച്ചുകൊള്ളുമെന്ന് രണ്ടാം കക്ഷി സമ്മതിച്ചിരിക്കുന്നു . ശ്മശാനത്തിനു ചുറ്റും ലഭ്യമായ സ്ഥലങ്ങളിൽ പൂച്ചെടികളും തണൽ മരങ്ങളും നാട്ടുനനച്ച് പരിപാലിക്കുന്നതിന് ഒന്നാം കക്ഷി രണ്ടാം കക്ഷിക്ക് അനുമതി നൽകണം .
11. വർക്കല നഗരസഭ വക പൊതുശ്മശാനം നടത്തിപ്പിനായി നഗരസഭ അംഗീകരിച്ചിട്ടുള്ള ബൈലാ പ്രകാരം പ്രവർത്തിക്കുന്നതിന് ഒന്നും രണ്ടും കക്ഷികൾ ബാധ്യസ്ഥരായിരിക്കും .
12. മൃതദേഹങ്ങൾ കൊണ്ട് വരുന്നവരോട് രണ്ടാം കക്ഷി സഹാനുഭൂതിയോടെയും മാന്യമായും പെരുമാറേണ്ടതാണ് . മൃതദേഹങ്ങളോട് രണ്ടാം കക്ഷി ആദരവും ബഹുമാനവും പ്രകടിപ്പിക്കേണ്ടതാണ് .
13. ഈ കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രണ്ടാം കക്ഷി പ്രവർത്തിക്കുന്നത് മൂലം ഒന്നാം കക്ഷിക്കോ പൊതുജനങ്ങൾക്കോ എന്തെങ്കിലും ബുദ്ധിമുട്ടോ കഷ്ടതകളോ ഉണ്ടാകാൻ ഇടയായാൽ ആയതിന് രണ്ടാം കക്ഷി ഉത്തരവാദിയായിരിക്കും . അപ്രകാരമുണ്ടാക്കുന്ന നഷ്ടം രണ്ടാം കക്ഷിയിൽ നിന്ന് ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ് .
14. മേൽ വ്യവസ്ഥകൾ പരസ്പരം സമ്മതിച്ച് ഈ കരാറിൽ ഇന്നേ ദിവസം താഴെ പറയുന്ന സാക്ഷികൾ മുൻപാകെ ഒന്നും രണ്ടും കക്ഷികൾ ഒപ്പ് വച്ചിരിക്കുന്നു .

1. ഒന്നാം കക്ഷി (നഗരസഭ സെക്രട്ടറി)

സാക്ഷികൾ

1.
2.

2. രണ്ടാം കക്ഷി (കരാറുകാരൻ)

സാക്ഷികൾ

1.
2.

# അനുബന്ധം 2

| ക്രമ നമ്പർ | ലറ്റർ നൽകിയ ഓഫീസ് | തീയതി | മരിച്ച ആളിന്റെ പേര് | മരണ തീയതി | ഈടാക്കിയ ഫീസ് / റസീപ്റ്റ് നമ്പർ | റിമാർക്സ് | ഒപ്പ് |
|---|---|---|---|---|---|---|---|
| | | | | | | | |

## അനുബന്ധം 4

.................................................................................................................................................................

.................................................................................................................വിലാസത്തിൽ

താമസിച്ചുവരുന്ന. ...........................................................................എന്നയാളുടെ

(..............................................................................) ഇന്നേദിവസം.

.................................................................................................................................................................

... ആശുപത്രി/വീട്ടിൽ (മേൽവിലാസം ..........................................................................)
യിൽ വച്ച് മരണപ്പെട്ടു പോയിട്ടുള്ളതാണ് .ടിയാൻ്റെ മൃതശരീരം ബന്ധുവായ / സുഹൃത്തായ........................................................................................................എന്നയാൾ (മേൽവിലാസം

.................................................................................................................................................................

................................) കൊണ്ട് വരുന്നുണ്ട് . ആയത് തങ്ങളുടെ നഗരസഭയിൽ പ്രവർത്തിക്കുന്ന ശ്മശാനത്തിൽ സംസ്കാരം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു . ടി മരണത്തിൽ അസ്വാഭാവികതയൊന്നും ഇല്ലായെന്നും ടി മരണം സംബന്ധിച്ച് മറ്റ് പരാതികൾ ഒന്നും തന്നെ നിലവിലില്ലാത്തതാണെന്നും എനിക്ക് ഉത്തമ ബോധ്യമുള്ളതാണ് .

ഒപ്പ്

(എം പി / എം എൽ എ / കൗൺസിലർ / പഞ്ചായത്ത് /

ബ്ലോക്ക് /പഞ്ചായത്ത് പ്രസിഡൻറ് )